# ഉണർവ്വ്

## (അക്കാദമിക മാസ്റ്റർ പ്ലാൻ)

## 2025



**ഗവ. യു. പി. എസ്.**

**പൊൻമുടി**

Scanned with OKEN Scanner

## ഉള്ളടക്കം


1. ആമുഖം
2. ലക്ഷ്യങ്ങൾ
3. വിദ്യാലയത്തിന്റെ ലഘുചരിത്രം
4. വിദ്യാലയം മികവിന്റെ കേന്ദ്രം
5. പദ്ധതിരൂപീകരണ പ്രക്രിയ വിവിധ ഘട്ടങ്ങൾ
6. നിലവിലെ അവസ്ഥ
7. മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ
8. പദ്ധതി വിശദാംശങ്ങൾ (മേഖല,ഉപമേഖല, ലക്ഷ്യം, പ്രവർത്തനങ്ങൾ, കാലയളവ്, ചുമതല, സാമ്പത്തിക വിശകലനം)
9. പ്രതീക്ഷിത നേട്ടം




Scanned with OKEN Scanner

| | | |
|---|---|---|
| വിദ്യാലയം | : | ഗവ.യു.പി.എസ്. പൊൻമുടി |
| വിലാസം | : | പൊൻമുടി.പി.ഒ.<br>തിരുവനന്തപുരം,പിൻ-695551 |
| സ്കൂൾ കോഡ് | : | 42649 |
| വിദ്യാഭ്യാസ ഉപജില്ല | : | പാലോട് |
| വിദ്യാഭ്യാസ ജില്ല | : | ആറ്റിങ്ങൽ |
| റവന്യൂ ജില്ല | : | തിരുവനന്തപുരം |
| ബി.ആർ.സി. | : | പാലോട് |
| സി.ആർ.സി. | : | കല്ലാർ |
| ഗ്രാമപഞ്ചായത്ത് | : | പെരിങ്ങമ്മല (വാർഡ് 2) |
| ബ്ലോക്ക് പഞ്ചായത്ത് | : | വാമനപുരം |
| ജില്ലാ പഞ്ചായത്ത് | : | തിരുവനന്തപുരം |
| നിമയസഭാ മണ്ഡലം | : | വാമനപുരം |
| ലോക്സഭാമണ്ഡലം | : | ആറ്റിങ്ങൽ |
| താലൂക്ക് | : | നെടുമങ്ങാട് |
| വില്ലേജ് | : | തെന്നൂർ |
| ലാന്റ്മാർക്ക് | : | |
| ഈ മെയിൽ | : | ponmudiups@gmail.com |
| ഫോൺ നമ്പർ | : | 0472-2890229 |



Scanned with OKEN Scanner

# ആമുഖം

കേരളത്തിന്റെ കിഴക്കേ അതിരായ സഹ്യാദ്രിയിലാണ് പൊൻമുടിയുടെ സ്ഥാനം. കേരളത്തിന്റെ വിസ്തൃതിയുടെ 40 ശതമാനത്തോളം ഭാഗം സഹ്യപർവ്വതത്തിലാണ്. തലസ്ഥാനമായ തിരുവനന്തപുരത്തു നിന്ന് 64 കിലോമീറ്ററാണ് പൊൻമുടിയിലേക്ക് ദൂരം. സമുദ്രനിരപ്പിൽ നിന്ന് 3600 അടി ഉയരത്തിലാണ് പൊൻമുടി. അസ്തമയ സൂര്യന്റെ പ്രകാശ കിരണങ്ങൾ പൊന്മുടി കുന്നിൻ മുകളിലെ പുൽമേട്ടിൽ പതിയ്ക്കുമ്പോൾ അവിടമാകെ സ്വർണ്ണം പൂശിയ പോലെ അനുഭവപ്പെടുന്നു. അതു തന്നെയാണ് പൊന്മുടി എന്ന പേരിനുമാധാരം.

ത്രേതായുഗത്തിൽ നടന്ന പുരാണ സംഭവവുമായി പൊന്മുടിക്ക് ബന്ധമുണ്ട്. ശ്രീരാമസ്വാമിയും സീതാദേവിയും ലക്ഷ്മണനും ഒരുമിച്ചുള്ള വനവാസത്തിനിടയിൽ പൊന്മുടിയിൽ എത്തിയെന്ന് ഐതീഹ്യമുണ്ട്. തിരുവിതാംകൂർ രാജഭരണ കാലഘട്ടത്തോളം പഴക്കം ഉണ്ട് ഇന്ന് കാണുന്ന പൊന്മുടിയ്ക്ക്. തിരുവിതാംകൂർ രാജാക്കന്മാരുടെ ശീതകാല സഹവാസകേന്ദ്രം കൂടി ആയിരുന്നു പൊന്മുടി.

ഒരു കാലത്ത് പ്രതാപത്തോടെ പ്രവർത്തിച്ചിരുന്ന ടീ എസ്റ്റേറ്റ് ലോക്കൗട്ട് ചെയ്യുകയും തൊഴിലാളികൾ തൊഴിൽ തേടി നാടിന്റെ വിവിധ ഭാഗങ്ങളിൽ താമസം മാറി പോകുകയും ചെയ്തതോടെ കുട്ടികളുടെ എണ്ണം ക്രമേണ കുറഞ്ഞു. ആ സാഹചര്യത്തിൽ സ്കൂൾ അടച്ചു പൂട്ടൽ ഭീഷണി നേരിട്ടിരുന്നു. യാത്രാ സൗകര്യം ഇല്ലാത്തിനാലും റോഡിൽ നിന്നും അകലെ ആയതിനാലും കാട്ടുമൃഗങ്ങളുടെ ശല്യം ഉള്ളതിനാലും ഈ സ്കൂളിൽ കുട്ടികൾ വരാൻ തയ്യാറായിരുന്നില്ല. ഫോറസ്റ്റിനോട് ചേർന്നാണ് സ്കൂൾ കെട്ടിടങ്ങൾ സ്ഥിതി ചെയ്യുന്നത്.

ഇപ്പോൾ ഈ സ്കൂളിൽ 31കുട്ടികളാണുള്ളത്. ഹെഡ്മിസ്ട്രസ് ഉൾപ്പെടെ എട്ട് അധ്യാപകരുണ്ട്. അദ്ധ്യാപകരുടെയും പി.ടി.എ.യുടെയും നിരന്തര ശ്രമഫലമായി കുട്ടികളുടെ യാത്രാ ക്ലേശം പരിഹരിക്കാനായി വാഹന സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാലും സ്കൂളിൽ ധാരാളം പരിമിതികളുണ്ട്. കുടിവെള്ള പ്രശ്നം, കെട്ടിടങ്ങളുടെ ശോചനീയാവസ്ഥ എന്നിവ അവയിൽ പ്രധാനമാണ്. ഈ പരിമിതികൾക്കിടയിലും സ്കൂൾ അക്കാദമിക പ്രവർത്തനങ്ങൾ വർഷം തോറും മികവുറ്റതായി മാറിക്കൊണ്ടിരിക്കുന്നു.



Scanned with OKEN Scanner

# ലക്ഷ്യങ്ങൾ

- ഗ്രാമീണ അന്തരീക്ഷത്തിൽ തികച്ചും സൗജന്യമായ വിദ്യാഭ്യാസം എല്ലാ ജന വിഭാഗത്തിനും ഉറപ്പുവരുത്തുക.
- അക്കാദമിക മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘകാല വീക്ഷണത്തോടെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുക.
- ഒന്നുമുതൽ ഏഴുവരെ ക്ലാസ് അടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യപദ്ധതിക്ക് അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകി ക്കൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയബന്ധിതമായി നടപ്പാക്കാനുതകുന്ന പ്രവർത്തന കലണ്ടറും രൂപപ്പെടുത്തുക.
- അധ്യാപനവും അധ്യായനവും സർഗ്ഗാത്മകവും രസകരവുമാകുന്നതിന് ഉപ കരിക്കുന്ന വിധത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തുക.
- നിത്യജീവിതത്തിൽ നേരിടേണ്ടി വരുന്ന പ്രശ്നങ്ങളെ കൈകാര്യം ചെയ്യുന്ന തിന് പ്രാപ്തരാക്കാൻ ഉതകുന്ന തരത്തിലുള്ള വിദ്യാഭ്യാസം നൽകുക.



Scanned with OKEN Scanner

# വിദ്യാലയ ചരിത്രം

തിരുവനന്തപുരം ജില്ലയിലെ പെരിങ്ങമ്മല പഞ്ചായത്തിൽ തെന്നൂർ വില്ലേജിലാണ് പൊൻമുടി ഗവ.യു.പി.സ്കൂൾ സ്ഥിതി ചെയ്യുന്നത്. കബൂർ കമ്പനിയുടെ കീഴിലായിരുന്ന പൊൻമുടി റ്റീ& റബ്ബർ എസ്റ്റേറ്റിലെ തൊഴിലാളികളുടെ മക്കളുടെ പഠനത്തിനായി 1951 -ൽ കമ്പനി തുടങ്ങിയതാണ് ഇന്ന് കാണുന്ന പൊന്മുടി സ്കൂൾ. ആരംഭകാലത്ത് തമിഴ്, മലയാളം എന്നീ മീഡിയങ്ങൾ ഉള്ള എൽ.പി. സ്കൂൾ ആയിരുന്നു. 1961 -ൽ പൊൻമുടി വാർഡ് മെമ്പറായിരുന്ന ശ്രീമാൻ വാസുവിന്റെ ശ്രമഫലമായി ഈ വിദ്യാലയം സർക്കാർ ഏറ്റെടുത്തു. തൊഴിലാളികളുടെ നിരന്തരമായ അഭ്യർത്ഥന പ്രകാരം 1982-ൽ സ്കൂൾ അപ്ഗ്രേഡ് ചെയ്തു യു.പി.എസ്. ആയി . അതോടെ ഒന്നുമുതൽ ഏഴുവരെയുള്ള വിദ്യാഭ്യാസം ഒരു കുടക്കീഴിൽ ലഭ്യമാക്കാൻ ഈ ഗ്രാമീണ വിദ്യാലയത്തിനു കഴിഞ്ഞു.

എന്നാൽ 1990 റോടുകൂടി എസ്റ്റേറ്റു മേഖല സാമ്പത്തികമായി നഷ്ടത്തിലായി. അതോടെ തൊഴിലാളി കുടുംബങ്ങൾ പൊൻമുടിയിൽ നിന്ന് താമസം മാറാൻ ആരംഭിച്ചു. അങ്ങനെ സ്കുളിലെ കുട്ടികളുടെ എണ്ണത്തിലും വൻകുറവുണ്ടായി. 1995 ൽ സർക്കാർ തമിഴ് മീഡിയം നിർത്തലാക്കി. 2013-14 അധ്യായന വർഷം ആകെ കുട്ടികളുടെ എണ്ണം നാലു പേരായി കുറഞ്ഞു. നാട്ടുകാരുടെയും പി.ടി.എ.യുടെയും അധ്യാപകരുടെയും നിരന്തര ശ്രമഫലമായി ഇന്ന് കുട്ടികളുടെ എണ്ണം 31 ആയി.



Scanned with OKEN Scanner

## വിദ്യാലയം -മികവിന്റെ കേന്ദ്രം-കാഴ്ചപ്പാട്

- പാഠ്യ പഠനാനുബന്ധ പ്രവർത്തനങ്ങളിൽ സജീവ താൽപ്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ
- സഹകരണം, അനുകമ്പ, സ്നേഹം തുടങ്ങിയ മൂല്യങ്ങൾ രൂപപ്പെടുത്താനുള്ള സാഹചര്യം ഒരുക്കൽ
- പഠനത്തോടൊപ്പം ആരോഗ്യം
- പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയ അന്തരീക്ഷം ഒരുക്കൽ.
- എല്ലാ കുട്ടികൾക്കും വിവരസാങ്കേതിക വിദ്യയിൽ പ്രാവീണ്യം നേടാനുള്ള അവസരം ഒരുക്കൽ
- കലാകായിക മേഖലകളിൽ മികവ് പുലർത്തുന്ന കുട്ടികളെ കണ്ടെത്തി, അവർക്ക് പ്രത്യേക പരിശീലനം നൽകൽ.



Scanned with OKEN Scanner

## പദ്ധതി രൂപീകരണ പ്രക്രിയ : വിവിധ ഘട്ടങ്ങൾ

1 പി.ടി.എ., എസ്.ആർ.ജി. യോഗങ്ങളിൽ വികസന കാഴ്ചപ്പാടുകൾ അവതരിപ്പിക്കൽ; ചർച്ച.

2. വികസനാവശ്യങ്ങൾ ക്ലാസ്, വിഷയം, അടിസ്ഥാനത്തിൽ ഭൗതികം, അക്കാദമികം,സാമൂഹ്യം എന്നിങ്ങനെ തിരിച്ച് കരട് രൂപരേഖ തയ്യാറാക്കൽ

3. കരട് രൂപരേഖ എസ്.ആർ.ജി., എസ്.എം.സി, പി.ടി.എ., എം.പി.ടി.എ രാഷ്ട്രീയ സംഘടനാ പ്രതിനിധികൾ, സാമൂഹ്യ പ്രവർത്തകർ തുടങ്ങിയവരുടെ സാന്നിദ്ധ്യത്തിൽ അവതരിപ്പിക്കൽ

4. ശില്പശാലയിൽ ഉയർന്നു വന്ന നിർദ്ദേശങ്ങൾ കൂട്ടിച്ചേർക്കൽ

5. പി.ടി.എ. നേതൃത്വത്തിൽ ക്രോഡീകരണ പദ്ധതിരേഖ തയ്യാറാക്കൽ



Scanned with OKEN Scanner

# അക്കാദമികം

## നേട്ടങ്ങൾ

ജി യുപിഎസ് പൊന്മുടിയുടെ ചരിത്രത്തിൽ ആദ്യമായി മലയാള മനോരമയുടെ നല്ല പാഠം പദ്ധതിയിൽ തിരുവനന്തപുരം ജില്ലയിൽ മൂന്നാം സ്ഥാനം ലഭിച്ചു. 2024 - 25ലെ മികച്ച ലഹരി വിരുദ്ധ പ്രവർത്തനം നടത്തിയ വിദ്യാലയം, എന്റെ നാടിന്റെ പൈതൃകം, ഹരിത വിദ്യാലയം എന്നിവയ്ക്കുള്ള മാതൃഭൂമി സീഡ് പുരസ്കാരം സ്കൂളിന് ലഭിച്ചു. എൽ.എസ്.എസ്, നവോദയ തുടങ്ങിയ മത്സര പരീക്ഷകളിൽ കുട്ടികളെ പങ്കെടുപ്പിച്ചു. സബ് ജില്ലാതല ശാസ്ത്ര -ഗണിത ശാസ്ത്ര -സാമൂഹ്യ ശാസ്ത്ര പ്രവർത്തി പരിചയമേളകളിലും സബ്ജില്ലാ സ്കൂൾ കലോത്സവത്തിലും കുട്ടികൾ മികവാർന്ന പ്രകടനം കാഴ്ചവച്ചു.

## പരിമിതികൾ

വിവിധ മത്സര പരീക്ഷകളിലെ കുട്ടികളുടെ മികവ് ഇനിയും മെച്ചപ്പെടേണ്ടതുണ്ട്. സ്കൂൾ ഗ്രന്ഥശാല നവീകരണം, ലബോറട്ടറികൾ, വിവരസാങ്കേതിക വിദ്യ തുടങ്ങിയവയുടെ ആധുനികവൽക്കരണം നടത്തേണ്ടതുണ്ട്.



Scanned with OKEN Scanner

# പ്രവർത്തനങ്ങൾ - ഒറ്റനോട്ടത്തിൽ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| • ഭാഷാശേഷി വികസനം<br>• ഗണിതശേഷി വികസനം<br>• ഇംഗ്ലീഷ് പഠന പരിപോഷണം<br>• ശാസ്ത്രപോഷണപരിപാടി<br>• വായന പരിപോഷണം<br>• ലൈബ്രറി ശാക്തീകരണം<br>• ലബോറട്ടറി ആധുനീകരണം<br>• ജൈവവൈവിധ്യപാർക്ക്<br>• പച്ചക്കറിത്തോട്ടം<br>• ബാല<br>• പഠനയാത്ര<br>• സ്കൂൾ പി.ടി.എ. സജീവമാക്കൽ<br>• അധ്യാപക ശാക്തീകരണം<br>• പോഷകാഹാരപരിപാടി<br>• ടേം മൂല്യനിർണ്ണയം<br>• നിരന്തര മൂല്യനിർണ്ണയം<br>• ഭാഷാലാബ്<br>• മെഡിക്കൽ ക്യാമ്പ്<br>• ശാസ്ത്ര അഭിരുചി വളർത്തൽ<br>• ഐ.റ്റി. പരിശീലനം<br>• ദിനാചരണം<br>• പ്രവൃത്തി പരിചയ പഠനം<br>• കലാകായിക പരിശീലനം | • ചുറ്റുമതിൽ<br>• ഗേറ്റ്<br>• കളിസ്ഥലം<br>• കുടിവെള്ളം<br>• ടോയ്‌ലറ്റ്<br>• ലൈബ്രറി<br>• വിശ്രമമുറി<br>• സ്റ്റാഫ് മുറി<br>• അടുക്കള<br>• പച്ചക്കറിത്തോട്ടം<br>• മൾട്ടിമീഡിയ റൂം<br>• കംപ്യൂട്ടർ റൂം<br>• പ്രഭാതഭക്ഷണം<br>• യാത്രാസൗകര്യം | • പി.ടി.എ. ശക്തിപ്പെടുത്തൽ<br>• എസ്.എം.സി. കാര്യക്ഷമമാക്കൽ<br>• വിദ്യാലയ വികസന സമിതി<br>• പൂർവ്വവിദ്യാർത്ഥി സംഗമങ്ങൾ<br>• ക്ലാസ് പി.ടി.എ. മാതൃകാപരമാക്കാനുള്ള പരിപാടി<br>• ഭവനസന്ദർശനം<br>• പ്രാദേശിക പി.ടി.എ. കംപ്യൂട്ടർ പരിശീലനം (പൊതുജനങ്ങൾക്ക്)<br>• വായനാസൗകര്യം (പൊതുജനങ്ങൾക്ക്)<br>• വിദ്യാലയ മികവുകൾ പൊതുസമൂഹവുമായി പങ്കിടൽ |



Scanned with OKEN Scanner

| മേഖല : അക്കാദമികം ഉപമേഖല : ഇംഗ്ലീഷ് ഭാഷ | | | | | | |
|---|---|---|---|---|---|---|
| ക്രമ നമ്പർ | പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
| 1 | ഇംഗ്ലീഷ് ഡയറി | തെറ്റില്ലാതെ അനായാസം ഇംഗ്ലീഷ് കൈകാര്യം ചെയ്യൽ | ഓരോ ദിവസവും സ്കൂളിലേയും വീട്ടിലേയും പ്രധാന പ്രവർത്തനങ്ങൾ ഇംഗ്ലീഷിൽ കുറിയ്ക്കൽ | എല്ലാ ദിവസവും | ഇംഗ്ലീഷ് അധ്യാപിക | 500 രൂപ (പി.ടി.എ) |
| 2. | കത്തെഴുതൽ | ഇംഗ്ലീഷ് രചനയിൽ പ്രാവീണ്യം നേടൽ | ഒരു മാസത്തെ സ്കൂൾ വിശേഷങ്ങൾ സുഹൃത്തുക്കളുമായി പങ്കുവയ്ക്കൽ | മാസത്തിൽ 1 | ക്ലാസ് ടീച്ചർ | |
| 3. | ഗ്രാമർ സ്കൂൾ | വ്യാകരണ ശുദ്ധിയോടെ ഭാഷ ഉപയോഗിക്കുവാനുള്ള കഴിവ് നേടൽ | അവധി ദിവസങ്ങളിൽ വ്യാകരണത്തിന് പ്രാധാന്യം നൽകി ക്ലാസ് സംഘടിപ്പിക്കൽ | വർഷം 10 ക്ലാസ് | ഇംഗ്ലീഷ് അധ്യാപിക | |
| 4 | ഇംഗ്ലീഷ് അസംബ്ലി | എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി എഴുതാനും വായിക്കാനും സംസാരിക്കുവാനുമുള്ള ശേഷി വികസിപ്പിക്കൽ | ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷിൽ അസംബ്ലി പരിപാടികൾ അവതരിപ്പിക്കുക | ആഴ്ചയിൽ 1 | ക്ലാസ് ടീച്ചർ | |
| 5. | ഇംഗ്ലീഷ് ഡേ | എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി എഴുതാനും വായിക്കാനും സംസാരിക്കുവാനുമുള്ള ശേഷി വികസിപ്പിക്കൽ | ആഴ്ചയിൽ ഒരു ദിവസം മുഴുവൻ ആശയവിനിമയം ഇംഗ്ലീഷിൽ ആക്കുക. | ആഴ്ചയിൽ 1 | പി.ടി.എ. | |
| 6 | രചന, ശില്പശാല | സർഗ്ഗാത്മക രചനകളിൽ ഏർപ്പെടാൻ അവസരം ഒരുക്കൽ | കഥയരങ്ങ്, കവിയരങ്ങ്, രചനാശില്പശാല എന്നിവ സംഘടിപ്പിക്കൽ. രൂപപ്പെടുന്ന ഉൽപ്പന്നങ്ങൾ ക്ലാസ് മുറിയിലെ പഠനസാമഗ്രിയായി ഉപയോഗിക്കൽ | രണ്ടു മാസത്തിൽ 1 | വിദ്യാരംഗം കൺവീനർ | 500/- |



Scanned with OKEN Scanner

മേഖല : അക്കാദമികം        ഉപമേഖല : മലയാളം

| ക്രമ നമ്പർ | പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|---|
| 7 | സർഗ്ഗ സല്ലാപം | ഭാഷയുടെ വിവിധ ശേഷികളിൽ മികവ് നേടുക | പ്രാദേശികമായി ലഭ്യമാകുന്ന എഴുത്തുകാരെ സ്കൂളിലെത്തിച്ച് അവരുടെ അനുഭവങ്ങൾ പങ്കുവയ്ക്കൽ | വർഷത്തിൽ 2 പ്രാവശ്യം | എച്ച്. എം. & പി.ടി.എ | 2000/- |
| 8. | ഗ്രന്ഥശാലാ ശാക്തീകരണം | വിവിധ സാഹിത്യ രൂപങ്ങൾ പരിചയപ്പെടാൻ അവസരം ഒരുക്കൽ | ഗ്രന്ഥശാലയിലേക്ക് കൂടുതൽ പുസ്തകങ്ങൾ കണ്ടെത്തൽ, അവ വർഗ്ഗീകരിച്ച് കാറ്റലോഗ് വിതരണ രജിസ്റ്റർ എന്നിവ ശാസ്ത്രീയമാക്കൽ, ഡിക്ഷണറി തയ്യാറാക്കൽ | വർഷത്തിൽ 2 പ്രാവശ്യം | എച്ച്. എം. & പി.ടി.എ | 10,000/- |
| 9. | സ്കൂൾ വിഷൻ (സമഗ്രവികസനം) | ഭാഷാപരമായ ശേഷികളുടെ സമഗ്രമായ വികസനം | കുട്ടികളുടെ കലാപരിപാടികളുടെ അവതരണം, പ്രോത്സാഹനം | ആഴ്ചയിൽ 1 മണിക്കൂർ | എസ്. ആർ.ജി. | |
| 10. | ദിനാചരണങ്ങൾ | വിവിധ ശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ചുവരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ രൂപപ്പെടുത്തുന്നു/സംഘടിപ്പിക്കുന്നു. 1) റാലി സംഘടിപ്പിക്കൽ 2) ഉപന്യാസ രചന 3) ക്വിസ് മത്സരം 4) ചിത്രരചന | ആവശ്യാനുസരണം | എസ്. ആർ.ജി. | |

മേഖല : അക്കാദമികം ഉപമേഖല : മലയാളം

| ക്രമ നമ്പർ | പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|---|
| 11. | വായനാക്കൂട്ടം | ഭാഷാപരമായ ശേഷികൾ വർദ്ധിപ്പിക്കൽ | ഭാഷാപരമായി പിന്നോട്ടുനിൽക്കുന്ന കുട്ടികൾക്ക് വായനയിലൂടെയും എഴുത്തിലൂടെയും സമഗ്രമായി വികസിപ്പിക്കൽ | ആവശ്യാനുസരണം | മലയാളം ടീച്ചർ | |
| 12, | ഭാഷാപോഷിണി | ഭാഷാപരമായ ശേഷികൾ വർദ്ധിപ്പിക്കൽ | 1. വായന പരിപോഷിപ്പിക്കുക<br>2. സ്വന്തമായി രചനകൾ നടത്താൻ പ്രോത്സാഹിപ്പിക്കുക.<br>3. കൈയ്യെഴുത്തു മാസിക തയ്യാറാക്കൽ | ആവശ്യാനുസരണം | മലയാളം ടീച്ചർ | |
| 13. | ഹൈടെക്ക് മലയാളം | മലയാള ഭാഷാപഠനത്തിന് ഐ.ടി. ഉപയോഗപ്പെടുത്തൽ | 1. പാഠഭാഗങ്ങളുടെ ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് കംപ്യൂട്ടർ ഉപയോഗിക്കൽ<br>2. പാഠഭാഗങ്ങളുടെ ദൃശ്യാവിഷ്കാരങ്ങൾ, ശ്രവ്യശകലങ്ങൾ എന്നിവ കുട്ടികളിലെത്തിച്ച് മലയാളം മധുരമാക്കൽ | ദിവസവും | മലയാളം ടീച്ചർ | |

Scanned with OKEN Scanner

മേഖല : അക്കാദമികം ഉപമേഖല : ഗണിതം

| ക്രമ നമ്പർ | പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|---|
| 14 | ഗണിതശാസ്ത്ര ലാബ് സജ്ജീകരിക്കൽ | ഗണിത പഠനപ്രവർത്തനങ്ങൾ സുഗമമാക്കാൻ | വിദ്യാലയത്തിൽ ഗണിത ലാബ് സജ്ജമാക്കൽ, ലാബിൽ വച്ച് ഗണിത ക്ലാസ് നടത്തൽ | ആവശ്യാനുസരണം | എസ്. ആർ.ജി., ഗണിത ക്ലബ്ബ് | |
| 15 | ഗണിത പാർക്ക് | ഗണിതം മധുരമാക്കാൻ | ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി സ്കൂളിൽ പാർക്ക് സജ്ജമാക്കൽ | വർഷത്തിൽ 1 പ്രാവശ്യം | എസ്. ആർ.ജി. | |
| 16 | ഗണിത മൂല | ഗണിതത്തോടുള്ള താൽപ്പര്യം ജനിപ്പിക്കൽ | പഠന സന്ദർഭത്തിൽ തന്നെ ഗണിത പ്രശ്നങ്ങൾ വളരെ ലളിതമായി അവതരിപ്പിക്കൽ | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | |
| 17 | ഗണിത ശാസ്ത്ര മേള | ഗണിതം മധുരമാക്കാൻ | ജ്യാമിതീയ രൂപങ്ങളെ അടുത്തറിയാനും ഗണിത പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യാനും ഗണിത ശാസ്ത്രജ്ഞന്മാരെ പരിചയപ്പെടാനും അവസരമൊരുക്കൽ | വർഷത്തിൽ 1 പ്രാവശ്യം | എസ്. ആർ.ജി. | |



Scanned with OKEN Scanner

മേഖല : അക്കാദമികം          ഉപമേഖല : ശാസ്ത്രം, പരിസര പഠനം

| ക്രമ നമ്പർ | പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|---|
| 18 | ശാസ്ത്ര ലാബ് നവീകരിക്കൽ | ശാസ്ത്രലാബിനെ സജ്ജീകരിക്കൽ | ശാസ്ത്രലാബിലെ വിവിധ ഉപകരണങ്ങളും രാസവസ്തുക്കളും പരീക്ഷണ ഉപകരണങ്ങളും തരംതിരിക്കൽ | വർഷത്തിൽ 1 പ്രാവശ്യം | എസ്.ആർ.ജി. സയൻസ് ക്ലബ്ബ് | |
| 19 | ശാസ്ത്രമേളകൾ | ശാസ്ത്രം പ്രവർത്തനമാണ് എന്ന് മനസ്സിലാക്കുക. | സ്കൂൾതല ശാസ്ത്രമേളയിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കൽ, ഉപജില്ലാ തലത്തിൽ പരമാവധി പങ്കാളിത്തം | വർഷത്തിൽ 1 പ്രാവശ്യം | എസ്.ആർ.ജി. സയൻസ് ക്ലബ്ബ് | |
| 20 | ശാസ്ത്ര യാത്രകൾ | ശാസ്ത്രപഠനം രസകരമാക്കൽ | ശാസ്ത്ര പ്രദർശനങ്ങൾ, ശാസ്ത്രവുമായി ബന്ധപ്പെട്ട സ്ഥലങ്ങൾ തുടങ്ങിയവ നിരീക്ഷിക്കുന്നതിനുള്ള പഠനയാത്രകൾ | പ്രതി വർഷം 1 | പി.ടി.എ | 10,000 |
| 21 | പഠനോപകരണ നിർമ്മാണം | ശാസ്ത്രപഠനം രസകരമാക്കൽ | 1. പാഠഭാഗവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ചെയ്യുന്നതിനുവേണ്ട ഉപകരണങ്ങൾ നിർമ്മിക്കൽ<br>2. പ്രാദേശികമായി ലഭ്യമാകുന്ന വസ്തുക്കൾ ഉപയോഗിച്ച് ഉപകരണങ്ങൾ നിർമ്മിക്കൽ<br>3. ലളിതമായി ചെയ്യാവുന്ന ശാസ്ത്ര പരീക്ഷണങ്ങൾ കുട്ടികളെ കൊണ്ട് സ്വയം ചെയ്യിക്കൽ | ആവശ്യാനുസരണം | ടീച്ചർ കുട്ടികൾ പി.ടി.എ | 5000/. |



Scanned with OKEN Scanner

മേഖല : അക്കാദമികം    ഉപമേഖല : ശാസ്ത്രം, പരിസര പഠനം

| ക്രമ നമ്പർ | പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|---|
| 22 | പ്രകൃതി നടത്തം | പരിസര പഠനം രസകരമാക്കൽ | പ്രകൃതിയെ അടുത്തറിയാനും ജീവികളുടെ ആവാസവ്യവസ്ഥ, ജീവിതരീതി തുടങ്ങിയവ മനസ്സിലാക്കൽ | വർഷത്തിൽ 1 പ്രാവശ്യം | എസ്. ആർ.ജി. | 10,000/- |
| 23 | സയൻസ് ടാലന്റ് ഹണ്ട് | കുട്ടി ശാസ്ത്രജ്ഞനെ/ശാസ്ത്രജ്ഞയെ കണ്ടെത്തൽ | 1. 4 മുതൽ 7 വരെ ക്ലാസ്സുകളിലെ കുട്ടികൾക്ക് സ്വന്തമായി പരീക്ഷണം ചെയ്യാനുള്ള അവസരം<br>2. ഉയർന്ന ക്ലാസ്സുകളിൽ മാത്രം പരിചയപ്പെടാനും കൈകാര്യം ചെയ്യുവാനും അവസരം ലഭിക്കുന്ന പല രാസപദാർത്ഥങ്ങളും പരീക്ഷണോപകരണങ്ങളും പരിചയപ്പെടൽ<br>3. പ്രാദേശിക വിഭവങ്ങൾ ഉപയോഗിച്ച് പരീക്ഷണം ചെയ്യൽ | ആവശ്യാനുസരണം | സ്കൂൾ വികസന സമിതി, പി.ടി.എ. | 50,000/- |
| 24 | വാനനിരീക്ഷണ ലാബ് തയ്യാറാക്കൽ | കുട്ടികളിൽ വാനനിരീക്ഷണത്തിനും ബഹിരാകാശ ശാസ്ത്രത്തിലും അഭിരുചി വളർത്തൽ | 1.ടെലസ്കോപ്പ് ഉപയോഗിച്ച് ആകാശ കാഴ്ച കാണുന്നു.<br>2.കുട്ടികളെയും രക്ഷകർത്താക്കളേയും ഉൾപ്പെടുത്തി വാനനിരീക്ഷണ ക്ലാസ്, സെമിനാർ എന്നിവ സംഘടിപ്പിക്കൽ<br>3. ഏതെങ്കിലും ബഹിരാകാശ സഞ്ചാരിയുമായി സംവദിക്കാൻ അവസരം ഒരുക്കുന്നു. | വർഷത്തിൽ 1 | പി,ടി.എ. സ്കൂൾ വികസന സമിതി, പൂർവ്വ വിദ്യാർത്ഥികൾ | 25,000/- |



Scanned with OKEN Scanner

മേഖല : അക്കാദമികം ഉപമേഖല : ശാസ്ത്രം, പരിസര പഠനം

| ക്രമ നമ്പർ | പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|---|
| 25 | പച്ചക്കറിത്തോട്ടം | കാർഷിക സംസ്കൃതിയെ വീണ്ടെടുക്കാൻ | വിദ്യാലയത്തിലെ സൗകര്യപ്രദമായ സ്ഥലത്ത് ആകർഷകമായ വിധത്തിൽ പച്ചക്കറി തോട്ടം ഉണ്ടാക്കൽ | വർഷത്തിൽ 1 പ്രാവശ്യം | എസ്. ആർ.ജി. | 5,000/- |
| 26 | ജൈവവൈവിധ്യ പാർക്ക് | പ്രകൃതിയെ അടുത്തറിയാൻ അവസരം ഒരുക്കുവാൻ | സ്കൂളിൽ സൗകര്യപ്രദമായ സ്ഥലത്ത് ജൈവവൈവിധ്യപാർക്ക് നിർമ്മിക്കൽ | വർഷത്തിൽ 1 പ്രാവശ്യം | എസ്. ആർ.ജി. പി.ടി.എ | 25,000/- |



Scanned with OKEN Scanner

മേഖല : അക്കാദമികം ഉപമേഖല : സാമൂഹ്യശാസ്ത്രം

| ക്രമ നമ്പർ | പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|---|
| 27 | ബുള്ളറ്റിൻ ബോർഡ് | സാമൂഹ്യ ശാസ്ത്ര വിവരങ്ങൾ അപ്ഡേറ്റ് ചെയ്യുവാൻ | സ്കൂളിലെ മുഴുവൻ വിദ്യാർത്ഥികൾക്കും വായിക്കുവാൻ സൗകര്യപ്രദമായരീതിയിൽ ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുകയും എല്ലാ ദിവസത്തെയും പ്രധാന വാർത്തകൾ പ്രദർശിപ്പിക്കുകയും ചെയ്യൽ | എല്ലാ പ്രവർത്തി ദിവസവും | എസ്. ആർ.ജി. സാമൂഹ്യ ശാസ്ത്ര ക്ലബ്ബ്, സാമൂഹ്യ ശാസ്ത്ര അദ്ധ്യാപകൻ | 3000 |
| 28. | സാമൂഹ്യശാസ്ത്ര ലൈബ്രറി കോർണർ | സാമൂഹ്യ ശാസ്ത്രത്തിന്റെ വിശാലമായ ഭൂമികയിലേക്ക് പ്രവേശിക്കൽ | അധിക വായനയ്ക്ക് ഉപയോഗിക്കുന്ന പുസ്തകങ്ങൾ, അറ്റ്ലസുകൾ, ഇയർ ബുക്കുകൾ എന്നിവ ക്രമീകരിച്ച് സാമൂഹ്യശാസ്ത്ര വായന കോർണർ ഒരുക്കൽ | എല്ലാ പ്രവർത്തി ദിവസവും | എസ്. ആർ.ജി. സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് | 3000/- |
| 29. | ടൈം ലൈൻ | സംഭവങ്ങൾ കാലക്രമമനുസരിച്ച് ക്രമീകരിക്കൽ | പാഠപുസ്തകത്തിലെ സംഭവങ്ങളെ കാലക്രമമനുസരിച്ച് ചിട്ടപ്പെടുത്തി പഠനം സുഗമമാക്കൽ | മാസത്തിൽ 1 | സാമൂഹ്യ ശാസ്ത്ര അദ്ധ്യാപകൻ | |
| 30. | സാമൂഹ്യശാസ്ത്ര മേള | കുട്ടികളിൽ ചരിത്ര ബോധം വളർത്തൽ | ചരിത്ര ശേഷിപ്പുകൾ സംരക്ഷിക്കുന്നതിനുള്ള മനോഭാവം വളർത്തുന്നതിനായി ചരിത്ര ശേഖരണങ്ങൾ പ്രദർശിപ്പിക്കൽ | വർഷത്തിൽ 1 | എസ്. ആർ.ജി. | 1000/- |



Scanned with OKEN Scanner

മേഖല : അക്കാദമികം        ഉപമേഖല : സാമൂഹ്യ ശാസ്ത്രം

| ക്രമ നമ്പർ | പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|---|
| 31 | ചരിത്ര കലണ്ടർ | കുട്ടികളിൽ ചരിത്രബോധം വളർത്തിയെടുക്കൽ | 12 ചാർട്ട് പേപ്പറിൽ ജനുവരി മുതൽ ഡിസംബർ വരെയുള്ള തീയതികളെഴുതി ഓരോ ദിവസത്തെയും ചരിത്ര പ്രാധാന്യം രേഖപ്പെടുത്തൽ | പ്രതി ദിനം | എസ്. ആർ.ജി. | 500/- |
| 32 | മൺമറഞ്ഞ ആഹാരം | കേരളീയരുടെ പ്രാചീന നാടൻ ഭക്ഷണങ്ങൾ പരിചയപ്പെടൽ | കേരളത്തിൽ നിലവിലുണ്ടായിരുന്ന ആഹാരങ്ങൾ, പലഹാരങ്ങൾ, പാനീയങ്ങൾ എന്നിവ സ്കൂളിൽ പാചകം ചെയ്യൽ, പ്രദർശിപ്പിക്കൽ, വിൽപ്പന നടത്തൽ | വർഷത്തിൽ 1 | പി.ടി.എ വികസന സമിതി | 1000/- |

Scanned with OKEN Scanner

മേഖല : അക്കാദമികം ഉപമേഖല : ഹിന്ദി

| ക്രമ നമ്പർ | പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|---|
| 33 | രാഷ്ട്രഭാഷ ശ്രേഷ്ഠ ഭാഷ | ഹിന്ദി പഠനം കാര്യക്ഷമമാക്കൽ | 1. ഹിന്ദി സാഹിത്യകാരന്മാരുടെ രചനകളുടെ ശേഖരണം<br>2. ഹിന്ദിയിൽ ഡയറി എഴുതൽ<br>3. ഡിഷ്ണറി (ഹിന്ദി) തയ്യാറാക്കൽ | ആഴ്ചയിൽ 1 | ഹിന്ദി അദ്ധ്യാപിക | 1000/- |
| 34 | ഹിന്ദി സർഗ്ഗോത്സവം | വ്യാകരണ ശുദ്ധിയോടെ ഭാഷ ഉപയോഗിക്കുവാനുള്ള കഴിവ് നേടൽ | 1. ഹിന്ദി കലാപരിപാടികൾ സംഘടിപ്പിക്കൽ<br>2. ഹിന്ദി പതിപ്പ് തയ്യാറാക്കൽ<br>3. ഹിന്ദി സാഹിത്യകാരന്മാരുമായി അഭിമുഖം സംഘടിപ്പിക്കൽ | വർഷത്തിൽ 1 | പി.ടി.എ. എസ്. ആർ.ജി | 5000/- |
| 35 | ഹിന്ദി അസംബ്ലി | എല്ലാ കുട്ടികൾക്കും ഹിന്ദി ഫലപ്രദമായി കൈകാര്യം ചെയ്യാനുള്ള ശേഷി വർദ്ധിപ്പിക്കൽ | 1. അസംബ്ലി പരിപാടികൾ നടത്തുക<br>2. ഹിന്ദി ഭാഷയുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ സംഘടിപ്പിക്കൽ<br>3. ഹിന്ദിദിനം ആഘോഷിക്കൽ | ആവശ്യാനുസരണം | ഹിന്ദി അദ്ധ്യാപിക | 1000/- |



Scanned with OKEN Scanner

മേഖല : അക്കാദമികം        ഉപമേഖല : കലാവിദ്യാഭ്യാസം

| ക്രമ നമ്പർ | പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|---|
| 36 | ചിത്രരചനാകളരി | ചിത്രരചനയിൽ പ്രാവീണ്യം നേടാൻ | മധ്യവേനൽ അവധിക്കാലത്ത് 10 ദിവസം നീണ്ടു നിൽക്കുന്ന ചിത്ര രചന പരിശീലനം | മധ്യവേനൽ അവധി 10 ദിവസം | പി.ടി.എ. | 5000/- |
| 37 | ചിത്രം മനോഹരം | കുട്ടികളിൽ കലാവിദ്യാഭ്യാസത്തോട് താൽപ്പര്യം ജനിപ്പിക്കുവാൻ | കുട്ടികളുടെ സൃഷ്ടിയും കലാപരിപാടികളും അവതരിപ്പിക്കൽ | വർഷത്തിൽ 1 | പി.ടി.എ | 10000/- |
| 38 | നാടകക്കളരി | കുട്ടികളിൽ സഭാകമ്പം ഇല്ലാതാക്കാൻ | പ്രാദേശിക നാടകാചാര്യന്മാരെ കൊണ്ട് നാടക പരിശീലനം നൽകൽ | വർഷത്തിൽ 1 | പി.ടി.എ | 5000/- |
| 39 | നാടകാവതരണം | കുട്ടികളിൽ സഭാകമ്പം ഇല്ലാതാക്കാൻ | കുട്ടികൾ സ്വയം രചിച്ച് സംവിധാനം നിർവ്വഹിച്ച നാടകങ്ങൾ അവതരിപ്പിക്കൽ | വർഷത്തിൽ 1 | പി.ടി.എ | 2000/- |



Scanned with OKEN Scanner

മേഖല : അക്കാദമികം ഉപമേഖല : കായിക വിദ്യാഭ്യാസം

| ക്രമ നമ്പർ | പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|---|
| 40 | യോഗ-നല്ല ആരോഗ്യത്തിന് | കുട്ടികളിൽ ആരോഗ്യം, ക്ഷമാശീലം എന്നിവ വർദ്ധിപ്പിക്കൽ | കുട്ടികളിൽ യോഗ കൊണ്ടുള്ള നേട്ടം ബോദ്ധ്യപ്പെടുത്തുകയും അതുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങൾ ചെയ്യിപ്പിക്കൽ | ആഴ്ചയിൽഒരിക്കൽ, മദ്ധ്യവേനൽഅവധിക്ക് 5 ദിവസം | പി.ടി.എ. എസ്. എം.സി. | 20,000/- |
| 41 | കായിക പരിശീലനം | കായിക ഇനങ്ങൾ പരിശീലിപ്പിക്കാൻ | രാവിലെയും വൈകുന്നേരവും കായിക അദ്ധ്യാപകരുടെ നേതൃത്വത്തിൽ കായിക പരിശീലനം നൽകൽ | ആഴ്ചയിൽ 3 ദിവസം | എച്ച്. എം. പി.ടി.എ കായിക അദ്ധ്യാപകൻ | |
| 42 | കരാട്ടെ പരിശീലനം | കുട്ടികളിൽ ആത്മ വിശ്വാസവും അപകടങ്ങളിൽ നിന്ന് സ്വയം രക്ഷപ്പെടാനുമുള്ള കഴിവ് ഉണ്ടാക്കൽ | മികച്ച കരാട്ടെ അദ്ധ്യാപകരുടെ സഹായത്തോടെ കുട്ടികൾക്ക് പരിശീലനം നൽകൽ | ആഴ്ചയിൽ 2 ദിവസം | പി.ടി.എ | 20,000/- |
| 43. | നീന്തൽ പരിശീലനം | നീന്തൽ നല്ലൊരു വ്യായാമമാണെന്ന ധാരണ കുട്ടികളിൽ ഉണ്ടാക്കൽ | സ്കൂളിലെ മുഴുവൻ കുട്ടികളെയും പ്രത്യേകിച്ച് പെൺകുട്ടികളെ ചെറുപ്രായത്തിൽ തന്നെ നീന്തൽ പരിശീലിപ്പിക്കൽ | ആഴ്ചയിൽ 1 ദിവസം | പി,ടി.എ, എസ്. എം.സി. | 10,000/- |



Scanned with OKEN Scanner

മേഖല : അക്കാദമികം ഉപമേഖല : ആരോഗ്യ വിദ്യാഭ്യാസം

| ക്രമ നമ്പർ | പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|---|
| 44. | മെഡിക്കൽ ക്യാമ്പ് | ആരോഗ്യമുള്ള സമൂഹത്തെ വാർത്തെടുക്കൽ | വർഷത്തിലൊരിക്കൽ വിദഗ്ധ ഡോക്ടർമാരെ വച്ച് വൈദ്യപരിശോധന | വർഷത്തിൽ 1 | എച്ച്. എം. പി.ടി.എ | 5000/- |
| 45. | ആരോഗ്യക്ലാസ് | ആരോഗ്യമുള്ള സമൂഹത്തെ വാർത്തെടുക്കൽ | സ്പെഷ്യലൈസ്ഡ് ഡോക്ടർമാർ കുട്ടികളെ പരിശോധിക്കൽ, ക്ലാസ് എടുക്കൽ, ബോധവൽക്കരണം നൽകൽ | മാസത്തിൽ 1 | പി.ടി.എ | 10000/- |
| 46. | പോഷകാഹാര പരിപാടി | ആരോഗ്യമുള്ള ശരീരം പഠനത്തിന് അനിവാര്യം | ആഴ്ചയിൽ ഓരോ ദിവസവും വ്യത്യസ്ത മെനു വച്ച് പോഷക സമൃദ്ധമായ ഉച്ചഭക്ഷണം നൽകണം | പ്രതിദിനം | ഉച്ചഭക്ഷണ ചുമതലയുള്ള ടീച്ചർ, പി.ടി.എ എച്ച്. എം. | 50000/- |
| 47. | പ്രഭാത ഭക്ഷണം | ആരോഗ്യമുള്ള ശരീരം പഠനത്തിന് അനിവാര്യം | എല്ലാ ദിവസവും പോഷക സമൃദ്ധമായ പ്രഭാതഭക്ഷണം നൽകൽ | പ്രതിദിനം | പ്രഭാത ഭക്ഷണ ചുമതലയുള്ള ടീച്ചർ, പി.ടി.എ എച്ച്. എം. | 25,000/- |



Scanned with OKEN Scanner